LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കണ്ണൻ : സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമയത്ത് വനപ്രദേശങ്ങളിലും അതുപോലെ തന്നെ പുറമ്പോക്ക് ഭൂമികളിലും താമസിക്കുന്ന ആളുകൾക്ക് കൈവശരേഖ കിട്ടാത്തതിന്റെ ഫലമായി അവർക്ക് വീട് വയ്ക്കാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ട്. ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരോട് ഡിപ്പാർട്ടുമെന്റ് ബന്ധപ്പെടുമ്പോൾ അവർ കൈവശരേഖ കൊടുക്കാൻ തയ്യാറാകാതെ വരുമ്പോൾ പൂർണ്ണമായിട്ടും ആളുകൾക്ക് വീട് വയ്ക്കാൻ പറ്റാതെ വരും. ഇതിന് പരിഹാരമായി ഗ്രാമ പഞ്ചായത്തുകൾ കൊടുക്കുന്ന സമ്മത പത്രം ഹാജരാക്കിക്കഴിഞ്ഞാൽ വീട് കൊടുക്കാമെന്നുള്ള ഒരു തീരുമാനം എടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഫോറസ്റ്റ് ഏരിയയിലുള്ള ഗ്രാമപഞ്ചായത്തിന് വീടു വയ്ക്കാൻ സമ്മത പത്രം കൊടുക്കാൻ കഴിയുമോ എന്നുള്ള കാര്യം സംശയമാണ്. പഞ്ചായത്തിന്റെ പുറമ്പോക്കിൽ കഴിയുന്ന ആളുകൾക്ക് സമ്മതപത്രം കൊടുക്കുകയാണെങ്കിൽ ആ കാര്യം പരിശോധിക്കാം.

ശ്രീ. സി. മൊയിൻകുട്ടി : പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിക്ക് ചുമതലപ്പെട്ട ത്രിതല പഞ്ചായത്തുകൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ പേരിൽ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ; അങ്ങനെ പൂർത്തീകരിച്ച പദ്ധതികൾ തന്നെ അകാലത്തിൽ തകർന്നുപോയിട്ടുള്ള കാര്യങ്ങളിൽ വല്ല നടപടികളും ബന്ധപ്പെട്ടവർക്കെതിരായി സ്വീകരിച്ചിട്ടുണ്ടോ ; അവർക്ക് വീട് വച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും തകർന്നു എന്നുപറയുന്നത് ശരിയല്ല. ചില സ്ഥലത്ത് തകർന്നിട്ടുണ്ട് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം പഞ്ചായത്തുകളിൽ ഇടപെട്ടുകൊണ്ട് അത് പുനർനിർമ്മിച്ചു കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ : ചോദ്യം നമ്പർ 33

കയർ തൊഴിലാളി ക്ഷേമനിധിക്കുള്ള സഹായം നിർത്തലാക്കാനുള്ള കേന്ദ്ര തീരുമാനം

4 (*33) ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കയർ തൊഴിലാളി ക്ഷേമനിധിക്കുള്ള സഹായം നിർത്തലാക്കാൻ കേന്ദ്രസർക്കാർ ഈയിടെ തീരുമാനിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മുന്നറിയിപ്പില്ലാതെ കേന്ദ്ര സഹായം നിർത്തലാക്കാൻ ഉണ്ടായ സാഹചര്യം എന്തെന്ന് സർക്കാരിനെ അറിയിച്ചുവോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന കയർ തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള കേന്ദ്ര സഹായം എന്നു മുതലാണ് സർക്കാരിന് ലഭിച്ചുകൊണ്ടിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സഹായം എപ്രകാരമാണ് നൽകിയിരുന്നത് ;

(ഇ) കയർ തൊഴിലാളി ക്ഷേമനിധിക്കുള്ള കേന്ദ്ര സഹായം നിർത്തലാക്കിയ സാഹചര്യത്തിൽ ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനത്തിന് സർക്കാർ എന്തെങ്കിലും പകരം സംവിധാനം എർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് 10 കോടി രൂപ പ്രത്യേക ഗ്രാന്റായി അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സംസ്ഥാനങ്ങളുടെ ചുമതലയുള്ള കേന്ദ്ര വ്യവസായ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് കത്തയയ്ക്കുകയുണ്ടായി. അഭ്യർത്ഥന നിരസിച്ചുകൊണ്ടുള്ള മറുപടി 24-4-2000-ൽ ലഭിച്ചു. കത്തിൽ താഴെപ്പറയും പ്രകാരം വിശദീകരണം നൽകുകയുണ്ടായി. കേരളത്തിലെ കയർ തൊഴിലാളികൾക്കായി വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരാണ് പ്രസ്തുത ബോർഡ് രൂപീകരിച്ചത്. കേന്ദ്ര സർക്കാരോ കയർ ബോർഡോ എന്തെങ്കിലും സാമ്പത്തിക സഹായം നൽകാമെന്ന യാതൊരു ഉറപ്പും നൽകിയിരുന്നില്ല. മാത്രമല്ല ക്ഷേമനിധി ബോർഡിന്റെ ആവശ്യം വളരെ കൂടുതലും എന്നാൽ നൽകി വരുന്ന ധനസഹായം വളരെ കുറവുമാണ്. ഈ കാരണങ്ങളാലാണ് കയർ ബോർഡ് വഴി നൽകിവരുന്ന ധനസഹായം തുടർന്നും അനുവദിക്കാൻ നിർവ്വാഹമില്ലാത്തത്. കേന്ദ്രഗവൺമെന്റ് നിലപാട് പുനഃപരിശോധിക്കണമെന്നും, ബോർഡിന് ധനസഹായം അനുവദിക്കണമെന്നും ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും, കേന്ദ്ര വ്യവസായ വകുപ്പുമന്ത്രിക്കും വീണ്ടും വ്യവസായ വകുപ്പുമന്ത്രി കത്തയച്ചിട്ടുണ്ട്. കേന്ദ്ര മന്ത്രാലയങ്ങളുമായി ഇടപെട്ട് ഇക്കാര്യത്തിൽ വേണ്ടതു ചെയ്യുവാൻ സംസ്ഥാനത്തു നിന്നുള്ള എം.പി.മാരോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) 1991-92 മുതലാണ് കേന്ദ്രസഹായം ലഭിച്ചു തുടങ്ങിയത്.

(ഡി) കയർ ബോർഡ് വഴി ഗ്രാന്റായാണ് ധനസഹായം നൽകിയിരുന്നത്.

(ഇ) കേരള കയർ തൊഴിലാളി ക്ഷേമനിധിയിലേക്ക് നൽകേണ്ട അംശദായം ബന്ധപ്പെട്ടവരിൽ നിന്നും പിരിച്ചെടുക്കുന്നതിനും തൊഴിലുടമയുടെ അനുവാദമില്ലാതെ ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിനുള്ള അവകാശം തൊഴിലാളികൾക്ക് നൽകിക്കൊണ്ടും കേരള കയർ തൊഴിലാളി ക്ഷേമനിധി നിയമം ഗവൺമെന്റ് 1998-ൽ ഭേദഗതി ചെയ്തു. ഇതിന്റെ ഫലമായി അംശദായം പിരിച്ചെടുക്കുന്നതിലുണ്ടാക്കിയ പുരോഗതി ബോർഡിന്റെ പ്രവർത്തനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഒരു പരിധിവരെ സഹായകരമായി. ഇതുകൂടാതെ സംസ്ഥാന സർക്കാർകഴിഞ്ഞ 3 വർഷത്തിനുള്ളിൽ 11.95 കോടി രൂപ ധനസഹായമായി നൽകിയിരുന്നു. നടപ്പു വർഷത്തെ ബഡ്ജറ്റിൽ 1.05 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. എന്നാൽ മുൻ കയർ തൊഴിലാളികളായ 45,468 പേർക്ക് 100 രൂപ നിരക്കിൽ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ ധനസഹായം ബോർഡിന് ലഭ്യമാക്കേണ്ടതുണ്ട്. സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കൂടുതൽ സാമ്പത്തിക സഹായം നൽകാൻ കഴിയുമോ എന്ന കാര്യം വ്യവസായ വകുപ്പ് പരിശോധിക്കുന്നുണ്ട്. കൂടാതെ ലഭിച്ചുവന്നിരുന്ന ധനസഹായം തുടർന്നും ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നുണ്ട്.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, കയർ തൊഴിലാളി മേഖലയിലെ ഏതെല്ലാം പ്രതിസന്ധികളുടെ പരിഹാരത്തിനുവേണ്ടിയാണ് കേന്ദ്ര ഗവൺമെന്റിനോട് സഹായത്തിന് ആവശ്യപ്പെട്ടത് ? സാമ്പത്തിക സഹായം നിരസിച്ച കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. സംസ്ഥാന ഗവൺമെന്റ് എന്തുമാത്രം സംഖ്യയാണ് ഈ മേഖലയിൽ ചെലവാക്കുന്നത് എന്നുകൂടി വ്യക്തമാക്കുമോ ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, കേന്ദ്ര ഗവൺമെന്റിനോട് ക്ഷേമനിധിയിലേക്ക് സഹായം ആവശ്യപ്പെട്ടുകൊണ്ട് കത്തെഴുതിയിരുന്നു. വീണ്ടും സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ഏതാണ്ട് അൻപതിനായിരത്തോളം വരുന്ന ഓൾഡ് കയർ വർക്കേഴ്സിനുള്ള പെൻഷനു മാത്രം നമുക്ക് ഒരാണ്ടിൽ ആറ് കോടി രൂപ വേണ്ടിവരുന്നു. ഇടയ്ക്ക് ഒരു ഭേദഗതി കൊണ്ടുവന്നതുമൂലമാണ് 20,000 കയർ തൊഴിലാളികൾ കൂടുതലായി വന്നത്. ആറ് കോടി രൂപ ഒരാണ്ടിൽ നമുക്ക് ഓൾഡ് കയർ വർക്കേഴ്സിന് വേണ്ടി വരും. ഇന്നുള്ള കയർ തൊഴിലാളികൾ റിട്ടയർ ചെയ്യുമ്പോൾ അവർക്കു നൽകേണ്ട സംഖ്യ ക്ഷേമനിധിയിൽനിന്നാണ് കൊടുക്കുന്നത്. അതിലുള്ള അംഗങ്ങൾ നൽകുന്ന സംഖ്യ അനുസരിച്ച് ഗവൺമെന്റിന് അവരുടെ വിഹിതം വർദ്ധിപ്പിച്ചു കൊടുക്കേണ്ടിവരും. കയർ തൊഴിലാളികൾ കൊടുക്കുന്നതിന്റെ ഇരട്ടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് സഹായമായി കൊടുക്കേണ്ടി വരുന്നത്.

ശ്രീ. സി. പി. ബാലൻ വൈദ്യർ : കയറിന് എന്നുമുതലാണ് റിബേറ്റ് കൊടുത്തു തുടങ്ങിയത് ; ആ റിബേറ്റ്-എത്ര സംഖ്യ കൊടുക്കുന്നുണ്ട് ; കേന്ദ്ര ഗവൺമെന്റ് റിബേറ്റ് നിർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനോട് ഗവൺമെന്റിന്റെ സമീപനമെന്താണ് ?

ശ്രീമതി സുശീലാ ഗോപാലൻ : റിബേറ്റ് കൊടുത്ത് തുടങ്ങിയത് എന്നാണ് എന്നുള്ളതിന് പ്രത്യേകം ചോദ്യം വേണം. റിബേറ്റ് നമ്മൾ കൊടുക്കുന്നത് സാധാരണ ആറ് കോടി രൂപയാണ്. കഴിഞ്ഞ പ്രാവശ്യം ആറ്, ആറര കോടിലയിലധികമായി. അതിന് പകുതി വിഹിതം കേന്ദ്ര ഗവൺമെന്റാണ് തന്നുകൊണ്ടിരിക്കുന്നത്. ഇപ്പോൾ അത് നിർത്തിവയ്ക്കുന്നതായിട്ടാണ് അറിയിച്ചിട്ടുള്ളത്. അത് എം.ഡി.എ. ആക്കി മാറ്റാൻ ഒരു പരിശ്രമം നടക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

വെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്തായാലും റിബേറ്റ് തന്നെ തരണമെന്നുപറഞ്ഞ് വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട്. എം.ഡി.എ. ആയിക്കഴിഞ്ഞാൽ 10 ശതമാനമേ കിട്ടൂ. റിബേറ്റായാൽ 20 ശതമാനമാണ് കിട്ടുന്നത്. അതിന്റെ പകുതി കേന്ദ്ര ഗവൺമെന്റാണ് തരുന്നത്.

ശ്രീ. എൻ. ആർ. ബാലൻ : 1991-96 കാലഘട്ടത്തിൽ ഇവിടെയുണ്ടായിരുന്ന ഗവൺമെന്റ് കയർ തൊഴിലാളികളുടെ ക്ഷേമനിധിയിൽ എത്ര കാശ് ചെലവാക്കി ; കഴിഞ്ഞ 4 വർഷക്കാലമായി ഈ ഗവൺമെന്റ് ഈ മേഖലയിൽ എത്ര കാശ് ചെലവാക്കി എന്ന് വ്യക്തമാക്കാമോ ?

ശ്രീമതി സുശീലാ ഗോപാലൻ : ഈ ഗവൺമെന്റ് വന്നതിനുശേഷം 11 കോടിയിലധികം രൂപ ചെലവാക്കി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റ് തന്ന വിഹിതം കഴിച്ച് പരിമിതമായിട്ടുള്ള സഹായം മാത്രമേ നൽകിയിട്ടുള്ളൂ. 8 കൊല്ലം കൊണ്ട് ആകെ കൊടുത്തത് ഏതാണ്ട് മൂന്നുകോടി അറുപത്തൊൻപത് ലക്ഷം രൂപയാണ്. അത് 8 കൊല്ലം കൊണ്ട് കൊടുത്തതാണ്. 5 കൊല്ലം കൊണ്ട് എന്നുപറയുമ്പോൾ ഏതാണ്ട് വളരെ കുറവായിട്ടുള്ള കാശ് മാത്രമേ കൊടുത്തിട്ടുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 130 ലക്ഷം രൂപയാണ് പെൻഷനായി കൊടുത്തിട്ടുള്ളത്.

ശ്രീ. എൻ. ആർ. ബാലൻ : കേന്ദ്ര സഹായം നിർത്തലാക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി കേരളത്തിൽ ഈ കഴിഞ്ഞ വർഷം എത്ര പാവപ്പെട്ട കയർ തൊഴിലാളികളുടെ പെൻഷൻ കുടിശ്ശികയായി നിൽക്കുന്നുണ്ട് ; അതിനുവേണ്ടി വരുന്ന തുക എത്രയാണ് ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, ഞാൻ നേരത്തെ പറഞ്ഞു, 11 കോടിയിലധികം രൂപ ഇതിനകം തന്നെ സംസ്ഥാന ഗവൺമെന്റ് കൊടുത്തു കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിൽ നിന്നും റിബേറ്റ് മാത്രമാണ് ലഭിച്ചത്. കഴിഞ്ഞ കൊല്ലം 10 ലക്ഷം രൂപ അവരുടെ ക്ഷേമനിധിയിലേക്ക് കിട്ടിയിട്ടുണ്ട്. ബാക്കിയെല്ലാം സംസ്ഥാന ഗവൺമെന്റ് തന്നെയാണ് കൊടുത്തിട്ടുള്ളത്.

ശ്രീ. പിരപ്പൻകോട് മുരളി : സർ, കയർ വ്യവസായത്തിന് കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ സംഖ്യ വെട്ടിക്കുറച്ച നടപടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് സംസ്ഥാന ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നിരന്തരമായ നിവേദനം നടത്തിക്കൊണ്ടിരിക്കുകയാണ്. അവരെ ക്കണ്ട് സംസാരിക്കുകയും കത്തയ്ക്കുകയും ആവശ്യമായ സമ്മർദ്ദം ചെലുത്തു ന്നതിനുള്ള പരിശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നുമാത്രമല്ല, അടുത്ത കാലത്ത് മിനിമം എക്സ്പോർട്ട് പ്രൈസ് കുറച്ചത് കയർ വ്യവസായത്തെ വളരെയധികം ദോഷകരമായി ബാധിച്ചിട്ടുണ്ട്. അതിനെതിരായി എം. പി. മാരും അതുപോലെ തന്നെ സംസ്ഥാന ഗവൺമെന്റും വളരെയധികം നിവേദനം നടത്തിയിട്ടുണ്ട്. ഏതാനും കയറ്റുമതിക്കാരുടെ താൽപര്യം രക്ഷിക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

അവർ ഈ കാര്യത്തിൽ വളരെ അനുകൂലമല്ലാത്ത ഒരു നിലപാട് എടുക്കുകയും മിനിമം എക്സ്പോർട്ട് പ്രൈസ് കുറയ്ക്കുകയും ചെയ്തു. ആ രീതിയിൽ കയർ വ്യവസായത്തിൽ പ്രതിസന്ധിയുണ്ടാക്കുന്നതിനുവേണ്ടി മാത്രമാണ് കേന്ദ്ര ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾമൂലം സാധിച്ചിട്ടുള്ളത്.

ശ്രീ. പിരപ്പൻകോട് മുരളി : സർ, കയർ തൊഴിലാളി ക്ഷേമനിധി നിർത്തലാക്കിയതിന്റെ ഫലമായി അത് എത്ര തൊഴിലാളി കുടുംബങ്ങളെ ബാധിക്കുമെന്ന് ഗവൺമെന്റ് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരെ മറ്റേതെങ്കിലും ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീമതി സുശീലാ ഗോപാലൻ : സർ, നേരത്തെതന്നെ ഞാൻ പറഞ്ഞു കഴിഞ്ഞു. മുൻ കയർ തൊഴിലാളികൾ 45,000 ത്തിനു മുകളിലാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വെള്ളപ്പൊക്ക ഭീഷണി നേരിടുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ

5 (*34) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എ. കണാരൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വെള്ളപ്പൊക്ക ഭീഷണി നേരിടുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് തുടർച്ചയായി വെള്ളപ്പൊക്കമുണ്ടാകുന്ന പ്രദേശങ്ങളെ സംബന്ധിച്ച് പഠനം നടത്തി വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ നാല് വർഷത്തിനിടയിൽ വെള്ളപ്പൊക്ക ഭീഷണി ചെറുക്കാനായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ; ഇതിനായി എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം പ്രദേശത്ത് വെള്ളപ്പൊക്ക ഭീഷണിക്കെതിരെ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly